ഉത്തരം

(എ) 31-3-2001 വരെ പലിശ കൊടുക്കേണ്ട വായ്പയുടെ ആകെ തുക 13729.23 കോടി രൂപ.

(ബി) 31-3-2003 വരെ പലിശ കൊടുക്കേണ്ട വായ്പയുടെ ആകെ തുക 18281.90 കോടി രൂപ.

(സി) 30-11-2003 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ആയതിനാൽ അന്തിമ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

ധനകാര്യവകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൻമേൽ നടപടി

12 [1019] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പ് ഏതെല്ലാം വകുപ്പിൽ പരിശോധന നടത്തി എന്നും ഏതെല്ലാം വകുപ്പുകളിൽ ക്രമക്കേട് കണ്ടെത്തി യെന്നും വിശദമാക്കുമോ;

(ബി) ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഏതൊക്കെ വകുപ്പുകളിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നടത്തുന്ന സൗജന്യ കമ്പ്യൂട്ടർ പരിശീലന പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികൾ ആരൊക്കെയാണെന്നും അവർക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ഡി) ആരോഗ്യവകുപ്പിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ക്രമക്കേട് നടന്നു എന്ന് വിശദമാക്കുമോ; ആരോഗ്യ പരിപാലനത്തിന്റെ തുക ഏതെല്ലാം മറ്റാവശ്യങ്ങൾക്കുവേണ്ടി ചെലവിട്ടുവെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ ഉദ്യോഗസ്ഥർ ക്കെതിരെ നടപടി ശുപാർശ ചെയ്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യം, കൃഷി, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, നികുതി, ഗതാഗതം, ജലവിഭവം തുടങ്ങിയ വകുപ്പുകളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനയെ തുടർന്ന് ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ മറ്റു സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്.

(ബി) വകുപ്പു തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

(സി) ഇതു സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. ഓഫീസ് മോടിപിടിപ്പിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനുമായി ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധന ദുർവിനിയോഗം, അനധികൃതമായി ഉദ്യോഗസ്ഥർ ജോലിക്ക് ഹാജരാകാത്തത്, ഓഫീസ് കാര്യങ്ങൾ നടത്തുന്നതിലെ അനാസ്ഥ, വാഹനദുർവിനിയോഗം, ആശുപത്രി വികസന സമിതിയുടെ ഫണ്ടിന്റെ ദുരുപയോഗം, ഓഫീസ് രേഖകളിൽ കൃത്രിമം കാണിക്കൽ, മരുന്നിന്റെ സ്റ്റോക്കിലെ കുറവ് എന്നീ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ക്രമക്കേടുകളെ തുടർന്ന് താഴെ പറയുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്:

ക്രമക്കേട് കണ്ടെത്തിയ ഓഫീസ്

1. താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര.
2. പ്രാഥമിക ആരോഗ്യ കേന്ദ്രം, അരിക്കുളം.
3. ജില്ലാ മെഡിക്കൽ ഓഫീസ്, എറണാകുളം.
4. ആശുപത്രി വികസന സമിതി മെഡിക്കൽ കോളേജ്, കോഴിക്കോട്.
5. റിപ്രൊഡക്ടീവ് ചൈൽഡ് ഹെൽത്ത് സെന്റർ, കോഴിക്കോട്.
6. ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം.
7. ജനറൽ ആശുപത്രി, എറണാകുളം.
8. ജില്ലാ മെഡിക്കൽ ഓഫീസ്, കോഴിക്കോട്.
9. താലൂക്ക് ആശുപത്രി, സുൽത്താൻബത്തേരി.
10. ഗവ. ആയുർവേദ കോളേജ്, പരിയാരം.

ശുപാർശ ചെയ്ത നടപടി

1. ലേ സെക്രട്ടറിയെ സസ്പെന്റ് ചെയ്യുന്നതിന്.
2. മെഡിക്കൽ ഓഫീസറെ സസ്പെന്റ് ചെയ്യുന്നതിന്.
3. ജില്ലാ മീഡിയാ ഓഫീസറെ സസ്പെന്റ് ചെയ്യുന്നതിന്.
4. ഒരു താല്ക്കാലിക ജീവനക്കാരനെ പിരിച്ചുവിടുന്നതിന്.
5. ഓഫീസ് മേധാവികൾക്കെതിരെ അച്ചടക്ക നടപടി.
6. ഡി. എം. ഒ.-യ്ക്കെതിരെ അച്ചടക്ക നടപടി.
7. ലോവർ ഡിവിഷൻ ക്ലർക്കിനും ഡി. എം. ഒ. (ഡി. എൽ. എഫ്. സി.)-യ്ക്കും എതിരെ നടപടി.
8. വാഹന ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പണം ഈടാക്കുകയും അച്ചടക്ക നടപടിയും.
9. സൂപ്രണ്ട്, ഫാർമസിസ്റ്റ്, ക്ലർക്കുമാർ എന്നിവരെ സസ്പെന്റ് ചെയ്യുന്നതിന്.
10. ഫാർമസിസ്റ്റിന്റെ പക്കൽ നിന്നും പണം തിരികെ പിടിക്കുന്നതിന്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സ്തംഭനം

13 [1020] പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly